"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

നികുതി വകുപ്പ് - രജിസ്ട്രേഷൻ - തൊടുപുഴ സബ് രജിസ്ട്രാറായിരുന്ന ശ്രീമതി ജി.സതികുമാരിക്കെതിരായ അച്ചടക്കനടപടി - പുനഃപരിശോധന ഹർജി - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.291/2024/TAXES    തീയതി,തിരുവനന്തപുരം, 20-03-2024

---

പരാമർശം:-

1. 12/11/2020-ലെ സ.ഉ.(സാധാ) നം.754/2020-നികുതി.
2. 04/05/2021-ലെ സ.ഉ.(സാധാ) നം.341/2021-നികുതി.
3. 14/09/2022-ലെ സ.ഉ.(സാധാ) നം.706/2022-നികുതി.
4. 13/01/2023-ലെ സ.ഉ.(സാധാ) നം.32/2023-നികുതി.
5. ശ്രീമതി.ജി.സതികുമാരി സമർപ്പിച്ച 27/02/2023-ലെ പുനഃപരിശോധനാ ഹർജി.
6. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 26/02/2024-ലെ ഐജിആർ/1077/2023-ഇ9 നമ്പർ കത്ത്.

ഉത്തരവ്

ശ്രീമതി.കുട്ടിയമ്മ എന്ന വ്യക്തിക്ക് അവകാശപ്പെട്ട തൊടുപുഴ കാരിക്കോട് വില്ലേജിലെ സർവ്വെ 1389/6/1 എന്ന നമ്പരിലുള്ള 87 സെന്റ് സ്ഥലത്തിൽ നിന്നും ഭാഗം തിരിക്കാതെയുള്ള അവകാശം ടി കുട്ടിയമ്മയുമായി യാതൊരുവിധ കുടുംബ ബന്ധവുമില്ലാത്ത ശ്രീ.അനീഷ് എന്നയാളുടെ പേർക്ക് കാരിക്കോട് സബ് രജിസ്ട്രാർ ഓഫീസിൽ 2773/2019 നമ്പർ വിലയാധാരമായി രജിസ്റ്റർ ചെയ്തിട്ടുള്ളതും, ആയതിന്റെ തുടർച്ചയായി വസ്തു വകകൾ അനീഷിന്റെയും കുട്ടിയമ്മയുടെയും കൂട്ടായിട്ടുള്ളതാണെന്ന് കൃത്രിമമായി വരുത്തിതീർത്ത് 70/2020 നമ്പരായി ഒരു ഭാഗാധാരം തൊടുപുഴ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുകയും, ടി ഭാഗപത്രപ്രകാരം 82 സെന്റ് സ്ഥലം അനീഷിനും 5 സെന്റ് സ്ഥലം കുട്ടിയമ്മയ്ക്കും ലഭിച്ചുവെന്നും പിന്നീട് കുട്ടിയമ്മയുടെ പേരിലുള്ള ടി 5 സെന്റ് സ്ഥലം കാരിക്കോട് സബ് രജിസ്ട്രാർ ഓഫീസിലെ 932/2020 നമ്പർ ആധാര പ്രകാരം കുട്ടിയമ്മ അനീഷിന്റെ ഭാര്യയായ ശ്രീമതി.ഹസൈനയുടെ പേർക്ക് രജിസ്റ്റർ ചെയ്തുവെന്നും, ഇപ്രകാരം സർക്കാരിന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും, ഫീസിനത്തിലുമായി കിട്ടേണ്ടിയിരുന്ന തുകയിൽ അനീഷും കുട്ടിയമ്മയും കൂടി വെട്ടിപ്പ് നടത്തിയെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ, തൊടുപുഴ സബ് രജിസ്ട്രാർ ഓഫീസിൽ 70/2020-ാം നമ്പറായി രജിസ്റ്റർ ചെയ്ത ആധാരത്തിൽ സ്റ്റാമ്പിനത്തിലും, ഫീസിനത്തിലുമായി 12,79,869/- രൂപ സർക്കാരിന് നഷ്ടം വരുത്തിയതിനാൽ തൊടുപുഴ സബ് രജിസ്ട്രാരായിരുന്ന ശ്രീമതി. ജി.സതികുമാരിയെ പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, ടിയാൾക്കെതിരെ കടുത്ത ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാൾക്ക് കുറ്റപത്രം നൽകുകയും, പരാമർശം (2) പ്രകാരം അച്ചടക്ക നടപടികൾക്ക് വിഘാതം വരാതെ ടിയാളെ കൊല്ലം രജിസ്ട്രാർ (ആഡിറ്റ്) തസ്തികയിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുകയുമുണ്ടായി.

2) ശ്രീമതി. ജി.സതികുമാരിക്ക് നൽകിയ കുറ്റപത്രത്തിന് ടിയാൾ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാതിരുന്നതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അന്വേഷണ വിചാരണ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ദക്ഷിണ-മധ്യ മേഖല രജിസ്ട്രേഷൻ ഡി.ഐ.ജിയെ ചുമതലപ്പെടുത്തുകയുണ്ടായി. പരാതിക്കാസ്പദമായ തൊടുപുഴ സബ് രജിസ്ട്രാർ ഓഫീസിലെ 70/2020 നമ്പർ ഭാഗപത്ര ആധാരത്തിന്റെ മുന്നാധാരമായ 2773/2019 നമ്പർ ആധാരം രജിസ്റ്റർ ചെയ്തിരിക്കുന്നത് ഇടുക്കി ജില്ലയിലെ കാരിക്കോട് സബ് രജിസ്ട്രാർ ഓഫീസിലാണെന്നും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നിർദ്ദേശപ്രകാരം ഇടുക്കി ജില്ലാ രജിസ്ട്രാർ 1959-ലെ കേരള മുദ്ര പത്ര നിയമം വകുപ്പ് 33A പ്രകാരം നടപടി നടത്തി ബന്ധപ്പെട്ട ആധാര കക്ഷികളെ കൊണ്ട് കുറവ് മുദ്ര 10,27,423/- ഉം കുറവ് ഫീസ് 2,52,446/- ഉം ഉൾപ്പെടെ ആകെ 12,79,869/- രൂപ ഒടുക്കിപ്പിച്ച് സർക്കാരിനുള്ള നഷ്ടം നികത്തിയിട്ടുള്ളതായി കാണുന്നുവെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനോടൊപ്പം, സബ് രജിസ്ട്രാറുടെ ഭാഗത്ത് നിന്ന് മേൽ വീഴ്ചയല്ലാതെ മറ്റൊന്നും തന്നെ കാണുന്നില്ലാത്തതിനാൽ മാനുവൽ ഉത്തരവ് 220-നെ ശരിയായ രീതിയിൽ നടപ്പാക്കുന്നതിൽ വന്ന വീഴ്ചയ്ക്ക് 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (i) പ്രകാരം ലഘുശിക്ഷയായ താക്കീത് (censure) നൽകാവുന്നതാണെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പരിഗണിച്ചും, സർക്കാരിനുണ്ടായ റവന്യൂ നഷ്ടം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ നിർദേശ പ്രകാരം ഇടുക്കി ജില്ലാ രജിസ്ട്രാർ ബന്ധപ്പെട്ട ആധാര കക്ഷികളെ കൊണ്ട് നികത്തിയിട്ടുള്ളതിനാലും, രജിസ്ട്രേഷൻ മാനുവൽ ഉത്തരവ് 220-നെ ശരിയായ രീതിയിൽ നടപ്പിലാക്കുന്നതിൽ വന്ന വീഴ്ചയ്ക്ക് തൊടുപുഴ സബ് രജിസ്ട്രാർ ആഫീസിലെ സബ് രജിസ്ട്രാർ ആയിരുന്ന ശ്രീമതി.സതികുമാരി. ജി-യ്ക്ക് എതിരായി ആരംഭിച്ച അച്ചടക്ക നടപടി, 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 (i) പ്രകാരം 'സെൻഷർ' നൽകി, പരാമർശം (3) പ്രകാരം തീർപ്പാക്കുകയുണ്ടായി.

3) തുടർന്ന് ശ്രീമതി.ജി.സതികുമാരിയുടെ 12/11/2020 മുതൽ 03/05/2021 വരെയുള്ള സസ്പെൻഷൻ കാലയളവ് ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാരി ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവനബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 04/05/2021 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-56(B)9 Note-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ചും, പരാമർശം (4) പ്രകാരം പ്രകാരം ഉത്തരവാകുകയുണ്ടായി.

4) 70/2020 നമ്പർ ഭാഗാധാരം, പ്രസ്തുത ഭാഗപത്രത്തിലെ കക്ഷികൾ, 1959-ലെ കേരള മുദ്രപ്പത്രനിയമം 2 (കെ)യിൽപ്പെടുന്ന ഭാഗപത്രം എന്ന വിവരണത്തിൽപ്പെട്ടതായ, വസ്തുവിലെ കൂട്ടുകക്ഷികളാണെന്ന ഉത്തമവിശ്വാസത്തോടെയാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും, മനഃപൂർവ്വമായി സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാക്കുന്നതിനായി പ്രവർത്തിച്ചിട്ടില്ലെന്നും, നാളിതുവരെ യാതൊരു അച്ചടക്കനടപടികളോ പരാതികളോ നേരിടേണ്ടിവന്നിട്ടില്ലെന്നും ആകയാൽ കർത്തവ്യ നിർവ്വഹണത്തിനിടയിൽ മനഃപൂർവ്വമല്ലാതെ സംഭവിച്ചുപോയ വീഴ്ചയായി കണക്കാക്കി, നിലവിൽ സർക്കാരിന് സാമ്പത്തികനഷ്ടം സംഭവിച്ചിട്ടില്ലായെന്ന വസ്തുതയും പരിഗണിച്ച് പരാമർശം (4) പ്രകാരമുള്ള ഉത്തരവ് പുനഃപരിശോധിച്ച് മുഴുവൻ ശമ്പളവും അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം ശ്രീമതി സതികുമാരി അപേക്ഷിക്കുകയുണ്ടായി

5) ശ്രീമതി സതികുമാരിയുടെ പുനഃപരിശോധന ഹർജിയിന്മേൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ആരായുകയും, മാനുവൽ ഉത്തരവ് 220 പ്രകാരം തന്റെ മുമ്പിൽ ഹാജരാക്കപ്പെട്ട ആധാരത്തിന്റെ വാചകഘടന മനസ്സിലാക്കി ഏത് വിധത്തിലുള്ള ആധാരമാണെന്ന് തീർച്ചയാക്കി

മുദ്രവിലയും ഫീസും ഈടാക്കുന്നതിൽ സബ് രജിസ്ട്രാർക്ക് വീഴ്ച പറ്റിയതായി അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിരുന്നുവെന്നും, സർക്കാരിനുണ്ടായ റവന്യൂ നഷ്ടം ബന്ധപ്പെട്ട ആധാരകക്ഷികളെക്കൊണ്ട് നികത്തിയെങ്കിലും, മാനുവൽ ഉത്തരവ് 220 ശരിയായ രീതിയിൽ നടപ്പാക്കുന്നതിൽ വന്ന വീഴ്ചയ്ക്കാണ് ശ്രീമതി സതികുമാരിക്ക് 'സെൻഷർ' നൽകിയതെന്ന് പരാമർശം (6) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

6) ടിയാൾക്ക് നൽകിയ ശിക്ഷ 'സെൻഷർ' എന്ന ലഘു ശിക്ഷയായതിനാലും, സസ്പെൻഷൻ കാലയളവ് റെഗുലറൈസ് ചെയ്തിട്ടുള്ളത് എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായി പരിഗണിച്ചുമായതിനാലും, ശ്രീമതി സതികുമാരി സമർപ്പിച്ച പുനഃപരിശോധനാ ഹർജി പരിഗണനാർഹമാണെന്ന് സർക്കാരിന് ബോധ്യപ്പെടാത്തതിനാൽ പരാമർശം (4) പ്രകാരമുള്ള ഉത്തരവ് പുനഃപരിശോധിക്കണമെന്ന ശ്രീമതി സതികുമാരിയുടെ അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ശ്രീമതി.ജി.സതികുമാരി, സബ് രജിസ്ട്രാർ, തൊടുപുഴ, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

വെബ്ബ് & ന്യൂ മീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Praneesh M P

Date: 20-03-2024 16:35:41

സെക്ഷൻ ഓഫീസർ